## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2508    09.03.2017-ന് മറുപടിയ്ക്ക്**

## അട്ടത്തോട് ട്രൈബൽ സ്കൂൾ

**ചോദ്യം**

**ശ്രീ. രാജു എബ്രഹാം**

**മറുപടി**

**ശ്രീ. കെ. രാജു**
**(ബഹു. വനവും വന്യജീവിസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനംവകുപ്പിന്റെ സ്ഥലം വിട്ടു നൽകുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഈ അപേക്ഷയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് പറയാമോ; ഇതു സംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ എവിടെയാണ് ഉള്ളത്; | (എ) | അട്ടത്തോട് ട്രൈബൽ സ്കൂളിനായി വനഭൂമി വിട്ടു നല്കുന്നതിനായി അപേക്ഷ ലഭിച്ചിരുന്നു. അട്ടത്തോട് ട്രൈബൽ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലത്തിനാണ് പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ അപേക്ഷിച്ചിരുന്നത്. എന്നാൽ ടി അപേക്ഷ പരിശോധിച്ചതിൽ അപേക്ഷിച്ച ആവശ്യത്തിന് 0.50 ഹെക്ടർ ഭൂമി മതിയാകും എന്നതിനാൽ ഇക്കാര്യത്തിൽ തന്റെ വിവേചനാധികാരമുപയോഗിച്ച് റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 0.50 ഹെക്ടർ ഭൂമി അനുവദിക്കുകയുണ്ടായി. ഇതു സംബന്ധിച്ച ഫയൽ റാന്നി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലാണുള്ളത്. |
| (ബി) | സ്കൂളിനായി എത്ര സ്ഥലമാണ് ആവശ്യപ്പെട്ടിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ബി) | പത്തനംതിട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർ അട്ടത്തോട് ട്രൈബൽ സ്കൂളിനായി ഒരു ഹെക്ടർ സ്ഥലത്തിനായാണ് അപേക്ഷിച്ചിരുന്നത്. |

**സെക്ഷൻ ഓഫീസർ**